(ബി) പ്രസ്തുത സ്കൂളുകളിൽ പഠിപ്പിക്കാനുദ്ദേശിക്കുന്ന സിലബസ്സ് ഏതാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം സ്കൂളുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ക്ലാസ്സുകളാണ് പ്രസ്തുത സ്കൂളുകളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാർ സഹായത്തോടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി സംസ്ഥാനത്തൊട്ടാകെ പത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ടി പദ്ധതിക്കായുള്ള അനുമതിയും കെട്ടിട നിർമ്മാണത്തിനായുള്ള സാമ്പത്തിക സഹായവും ലഭ്യമാകുന്ന മുറയ്ക്ക് ഈ സ്കൂളുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സി.ബി.എസ്.ഇ. മാതൃകയിലുള്ള സിലബസ്സാണ് ഈ സ്കൂളുകളിൽ പഠിപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) 1 മുതൽ 12 വരെയുള്ള ക്ലാസുകളാണ് ഈ സ്കൂളുകളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നത്.

ആദിവാസി ഊരുകളിൽ വർദ്ധിച്ചുവരുന്ന ശിശുമരണങ്ങൾക്കെതിരെ നടപടി

256 (4247) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ആദിവാസി ശിശുമരണങ്ങളാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ സംഭവിക്കുന്ന ശിശുമരണങ്ങളുടെ കാരണങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) അടുത്ത കാലത്ത് ആദിവാസി ഊരുകളിൽ ശിശുമരണങ്ങൾ വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സാഹചര്യത്തിൽ, ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആദിവാസി മേഖലയിൽ ആകെ 162 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ഗർഭകാല പരിചരണത്തിന്റെ കുറവ്, അമ്മമാരുടെ പോഷകാഹാര കുറവ്, യഥാസമയം ചികിത്സ തേടുന്നതിനുള്ള വൈമുഖ്യം, ഗാർഹിക അതിക്രമങ്ങൾ, പ്രായപൂർത്തിയാകുന്നതിനുമുമ്പുള്ള ഗർഭധാരണം, സാധ്യമായ ചികിത്സാ സംവിധാനങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ, ഭക്ഷണ ശീലങ്ങളിലും മറ്റും ഉണ്ടായിട്ടുള്ള മാറിയ മനോഭാവം, ഗർഭകാല പരിചരണങ്ങളിലും മറ്റും പുലർത്തിപോരുന്ന പരമ്പരാഗത വിശ്വാസം, കാർഷിക ജീവതക്രമത്തിൽനിന്നും കുറഞ്ഞ നിരക്ക് തൊഴിലാളി ജീവിതക്രമത്തിലേയ്ക്ക് പരിണിതപ്പെട്ട ആദിവാസി ജീവിത ചുറ്റുപാടുകൾ തുടങ്ങിയവ ശിശുമരണ കാരണങ്ങളാകുന്നു.

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് ആദിവാസി ഊരുകളിലെ ശിശുമരണ നിരക്ക് കുറവാണ്. എന്നാലും ചില ഒറ്റപ്പെട്ട ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അട്ടപ്പാടി മേഖലയിലാണ് ആയത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത്തരത്തിലുള്ള ശിശുമരണങ്ങൾ സംഭവിക്കാതിരിക്കാൻ അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിന് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. അംഗൻവാടികൾ വഴി ന്യൂട്രീഷൻ കിറ്റുകൾ വിതരണ് ചെയ്യുന്നുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പ്രതിമാസം 1,000 രൂപ ധനസഹായം അനുവദിക്കുന്ന 'ജനനി ജന്മരക്ഷ' പദ്ധതി നടപ്പിലാക്കിവരുന്നു. സാമൂഹ്യ നീതിവകുപ്പിന്റെ സമൂഹ അടുക്കളകൾ പ്രവർത്തിക്കുന്നു. പോഷകാഹാരകുറവുള്ള കുട്ടികൾക്ക് 'അമൃതം ന്യൂട്രിമിക്സ് ' വിതരണം ചെയ്യുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും അയൺ, ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു.

പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

257 (4248) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിനായി എത്ര രൂപയാണ് നീക്കി വച്ചത് എന്നറിയിക്കുമോ; അതിൽ എത്ര തുക ചെലവഴിച്ചു ;

(ബി) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നില്ല എന്ന പരാതി വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ ?